# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.422

### 26-04-2017 ൽ മറുപടിക്ക്

**കിഫ്ബിയിൽ ലഭ്യമായിട്ടുള്ള തുക**

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) നാളിതുവരെ കിഫ്ബിയിൽ ലഭ്യമായിട്ടുള്ള ആകെ തുക എത്രയാണ്; ഏതെല്ലാം വിഹിതമായിട്ടാണ് ഈ തുക ലഭിച്ചിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. |
| (ബി) കിഫ്ബി വഴി വിവിധ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ളത് ആകെ എത്ര തുകയാണ്; എത്ര തുക ആകെ അവശേഷിക്കുന്നുണ്ട്; | ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 പ്രകാരം ബോർഡ് അംഗീകരിച്ച പദ്ധതികൾക്കുള്ള ധന സഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ |

| | |
|---|---|
| | വിവരങ്ങൾ ഓൺ ലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്റ്റ് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്റ്റ് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്. |
| (സി) നാളിതുവരെ ആകെ എത്ര തുക നിക്ഷേപമായി കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്; പ്രവാസികളുടെ നിക്ഷേപമായി എത്ര തുക ലഭിച്ചിട്ടുണ്ട്; നിക്ഷേപത്തിന്റെ വിഹിതം ഇനം തിരിച്ച് ലഭ്യമാക്കുമോ; | നാളിതുവരെ കിഫ്ബിയിൽ നിക്ഷേപമായി തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിലേക്കായി പ്രവാസികൾക്കായി കെ.എസ്.എഫ്.ഇ വഴി സർക്കാർ എൻ.ആർ.ഐ. ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) ഈ സാമ്പത്തിക വർഷം നിക്ഷേപമായി എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; മുൻ വർഷത്തെ അപേക്ഷിച്ച് നിക്ഷേപത്തിൽ എത്ര ശതമാനം വർദ്ധനവാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | കെ.എസ്.എഫ്.ഇ. വഴിയുള്ള ധനസമാഹരണത്തിനുള്ള രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതിനാൽ ഈ ഘട്ടത്തിൽ എത്ര പണം സമാഹരിക്കാൻ കഴിയുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**